"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സാങ്കേതിക വിഭാഗം - ഏലപ്പാറ ഗ്രാമ പഞ്ചായത്ത്2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ അണ്ണൻതമ്പി കുടിവെള്ള പദ്ധതിയിലെ ക്രമക്കേട് - അസി. എഞ്ചിനിയർ ശ്രീ.ബേസിൽ മാത്യുവിനെതിരെ സ്വീകരിച്ച വന്ന അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുഎ) വകുപ്പ്**

സ.ഉ.(സാധാ) നം.575/2022/LSGD തീയതി,തിരുവനന്തപുരം, 10-03-2022

---

പരാമർശം:-

1. വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 26.11.2019 ലെ VIG-D4/280/2019-VIG നം. കത്ത്.
2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.10.2019 ലെ E8-(PE3/2019/IDK) 17947/19 നം. കത്ത്.
3. 24.2.2020-ലെ EWA4/335/2019-LSGD നം. കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. 22.6.2020-ൽ ശ്രീ.ബേസിൽ മാത്യു അസി. എഞ്ചിനീയർ സമർപ്പിച്ച പ്രതിവാദ പത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 15.12.2020-ലെ ഇ11/3998/ 20/സിഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഏലപ്പാറ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ അണ്ണൻ തമ്പി കുടിവെള്ള പദ്ധതിക്ക് അനുവദിച്ച തുക വക മാറ്റി ചിലവാക്കിയതിനെതിരെ വിജിലൻസ് കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട പരാതിയിന്മേൽ വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ, ഇടുക്കി യൂണിറ്റ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ഏലപ്പാറ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ അണ്ണൻ തമ്പി കുടിവെള്ള പദ്ധതി ദീർഘിപ്പിക്കൽ എന്ന പദ്ധതിയിലൂടെ എസ്.സി ഫണ്ടുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഏലപ്പാറ ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി.വസന്ത സ്റ്റീഫന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ കൺവീനർ ആയി പരാതിക്കാരിയായ ശ്രീമതി.ബോബി ബെന്നിയും ചെയർമാനായി ശ്രീ.പാണ്ഡ്യനും ഉൾപ്പെടുന്ന ഒരു 11 അംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തിരുന്നു. 15.02.2017-ൽ കൺവീനറും ചെയർമാനും തമ്മിലും 18.02.2017-ൽ കൺവീനറും അസി. എഞ്ചിനിയറും തമ്മിലും കരാർ വെച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രസ്തുത

പ്രവൃത്തിയുടെ തുക ചെയർമാന്റേയും കൺവീനറുടേയും ജോയിന്റ് അക്കൗണ്ടിലാണ് മാറേണ്ടിയിരുന്നത്. എന്നാൽ പദ്ധതിയുടെ ചെയർമാനായ പാണ്ഡ്യന്റെ സ്വകാര്യ എസ്.ബി അക്കൗണ്ടിലേക്കാണ് 03.04.2018-ൽ 3,88,495/- രൂപാ മാറി നൽകിയത്. കുടിവെള്ള പദ്ധതിയുടെ തുക കൺവീനറുടേയും ചെയർമാന്റേയും ജോയിന്റ് അക്കൗണ്ടിലേക്ക് അയയ്ക്കാതെ നടപടിക്രമം തെറ്റിച്ച് ചെയർമാന്റെ അക്കൗണ്ടിലേയ്ക്ക് അയച്ചത് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനിയർ ശ്രീ.ബേസിൽ മാത്യുവിന് പറ്റിയ വീഴ്ചയാണ് എന്ന വിജിലൻസിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 അനുസരിച്ച് അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം (3) പ്രകാരം കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ചെയ്തിരുന്നു.

അസി. എഞ്ചിനിയർ ശ്രീ.ബേസിൽ മാത്യു പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ തനിക്കെതിരെയുള്ള ആരോപണങ്ങൾ നിഷേധിക്കുകയും സർക്കാരിന് യാതൊരുവിധ ധനനഷ്ടവുമുണ്ടായിട്ടില്ലെന്നും ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പൂർത്തീകരിച്ച് എസ്.സി വിഭാഗത്തിന് കുടിവെള്ളം ലഭ്യമാക്കുകയും കമ്മിറ്റിയുടെ അറിവോടെ ചെയർമാൻ ഔദ്യോഗികമായി ഓഫീസിൽ സമർപ്പിച്ചിരുന്ന അക്കൗണ്ടിലേയ്ക്ക് പദ്ധതി കാലാവധിക്കുള്ളിൽ തുക പൂർണ്ണമായി നൽകുകയും ചെയ്തുവെന്നും ആയതിനാൽ തന്റെ പേരിലുള്ള ആരോപണം നിഷേധിക്കുന്നുവെന്നും അറിയിച്ചു.

എസ്.സി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഗുണഭോക്തൃകമ്മിറ്റി മുഖേനയാണെങ്കിൽ കൺവീനർ എസ്.സി വിഭാഗത്തിൽപ്പെട്ടയാൾ ആയിരിക്കണമെന്നും ബിൽ തുക അനുവദിക്കുന്ന ഘട്ടം വരെയും ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടില്ലാത്തതാണെന്നും എന്നാൽ ചെയർമാന്റെ അക്കൗണ്ട് വിവരങ്ങൾ ഓഫീസിൽ നൽകുകയും അതിലൂടെ ബിൽ തുക അനുവദിക്കുകയുമാണ് ഉണ്ടായതെന്നും ചീഫ് എഞ്ചിനീയർ പരാമർശം (5) പ്രകാരം അറിയിച്ചു. ഗുണഭോക്തൃ കമ്മിറ്റിയ്ക്ക് ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ തുക അനുവദിക്കാൻ പാടുള്ളൂ എന്ന മാർഗ്ഗനിർദ്ദേശം ലംഘിച്ചുകൊണ്ടാണ് പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നതെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചു.

വിജിലൻസ് റിപ്പോർട്ട്, അസി. എഞ്ചിനീയർ ശ്രീ.ബേസിൽ മാത്യു സമർപ്പിച്ച പ്രതിവാദ പത്രിക, ചീഫ് എഞ്ചിനീയർ സമർപ്പിച്ച അഭിപ്രായകുറിപ്പ് എന്നിവ പരിശോധിക്കുമ്പോൾ മേൽ കുടിവെള്ളപദ്ധതി നടത്തിപ്പിൽ സർക്കാർ പണം തിരിമറി നടത്തിയിട്ടില്ലായെന്നു കാണുന്നു. നടപ്പിലാക്കിയ പ്രവൃത്തിയുടെ ഗുണനിലവാരത്തെ പറ്റിയോ മറ്റ് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകളെ പറ്റിയോ വിജിലൻസ് റിപ്പോർട്ടിൽ പരാമർശമില്ല. എന്നാൽ കൺവീനറുടെയും ചെയർമാന്റെയും ജോയിന്റ് അക്കൗണ്ട് വഴി മാത്രം മാറി നൽകേണ്ട തുക നടപടിക്രമം തെറ്റിച്ച് ചെയർമാന്റെ SB അക്കൗണ്ടിലേക്ക് മാറി നല്കിയത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള ഒരു വീഴ്ച ആണ്. മേൽ സാഹചര്യത്തിൽ, ഏലപ്പാറ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ അണ്ണൻ തമ്പി കുടിവെള്ള പദ്ധതിക്ക് അനുവദിച്ച തുക വക മാറ്റി ചിലവാക്കിയെന്ന ആരോപണത്തിന്മേൽ അസി. എഞ്ചിനിയർ ശ്രീ.ബേസിൽ മാത്യുവിനെതിരെ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി, ഭാവിയിൽ ഇങ്ങനെയുള്ള കാര്യങ്ങളിൽ വീഴ്ച ഉണ്ടാകാതെയിരിക്കുന്നതിനായി ഒരു തിരുത്തൽ നടപടി എന്ന നിലയിൽ, ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ.ഉ.(സാധാ) നം.575/2022/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പകർപ്പ് :

1. ശ്രീ.ബേസിൽ മാത്യു അസി. എഞ്ചിനിയർ (ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന )
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

അംഗീകാരത്തോടെ
Signed by Sreekanth G
Date: 10-03-2022 14:49:28
സെക്ഷൻ ഓഫീസർ